*"ഭരണഭാഷ – മാതൃഭാഷ"*

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം–33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ8/2229/2014/സിഇ/തസ്വഭവ — തീയതി : 20.02.2015

# സർക്കുലർ

വിഷയം:– തസ്വഭവ – 19/02/2015 –ലെ വകുപ്പുതല ഭാഷാസമിതിയോഗത്തിൽ എടുത്ത തീരുമാനങ്ങളെ – സംബന്ധിച്ച്.

സൂചന:– 52287/പി.എസ്2/2014/തസ്വഭവ നമ്പർ 07/02/2015 തീയതിയിലെ കത്ത്.

I കാര്യാലയ നിർവ്വഹണത്തിനായുള്ള എല്ലാ ഫയലുകളും ഭരണഭാഷയിൽതന്നെ കൈകാര്യം ചെയ്യണമെന്ന കർശന നിർദ്ദേശം പാലിക്കേണ്ടതാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനായി എല്ലാമാസവും 5–ാം തീയതിക്കു മുമ്പായി ഭരണഭാഷാ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഇംഗ്ലീഷ് ഉപയോഗിക്കാവുന്ന സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.

1) ഹൈക്കോടതി/സുപ്രീംകോടിതിയുമായുള്ള കത്തിടപാടുകൾ.
2) കേന്ദ്രസർക്കാരുമായുള്ള കത്തിടപാടുകൾ.
3) കേന്ദ്രസർക്കാർ സ്ഥാപനങ്ങളുമായുള്ള കത്തിടപാടുകൾ.
4) മറ്റു സംസ്ഥാനങ്ങളുമായുള്ള കത്തിടപാടുകൾ.
5) അന്യരാജ്യങ്ങളുമായുള്ള കത്തിടപാടുകൾ.
6) തമിഴും കന്നടയും അല്ലാത്ത ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.
7) ചില നിയമങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ള സാഹചര്യം.

മേൽപ്പറഞ്ഞിട്ടുള്ള സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഉപയോഗിക്കാമെങ്കിലും കുറിപ്പ്ഫയൽ മലയാളത്തിൽതന്നെ കൈകാര്യം ചെയ്യേണ്ടതാണ്.

II ഒരു പദകോശം തയ്യാറാക്കി ഔദ്യോഗികഭാഷാ വകുപ്പിന് കൈമാറേണ്ടതാണ് (വകുപ്പിന് കീഴിലുള്ള ഡിവിഷനുകളിൽ നിന്നും പദസമുച്ചയം സമർപ്പിക്കേണ്ടതാണ്.)

III ചട്ടങ്ങൾ, മാന്വലുകൾ, ഫാറങ്ങൾ എന്നിവ പരിഭാഷപ്പെടുത്തുന്നതിന് പരിഭാഷാ സെൽ രൂപീകരിക്കേണ്ടതാണ്.

IV ജില്ലാ താലൂക്കുതല അവലോകനയോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

(മറുപുറം)

ഇതോടനുബന്ധിച്ച് 2015 ഫെബ്രുവരി 24 -ാം തീയതി രാവിലെ 10.30 മണിയ്ക്ക് സെക്രട്ടറിയേറ്റ് ദർബാർഹാളിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടക്കുന്ന വിവിധ വകുപ്പുകളിലെ യോഗത്തിൽ 2014 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള ഭാഷാമാറ്റ പുരോഗതി ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ 23/02/2015 നു മുമ്പായി സമർപ്പിക്കേണ്ടതായുണ്ട്. ആയതിനാൽ ആ റിപ്പോർട്ട് പ്രസ്തുത ദിവസം 5 മണിയ്ക്ക് മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഉള്ളടക്കം:- ഭാഷാപുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ട പ്രൊഫോർമ.

for ചീഫ് എൻജിനീയർ

പകർപ്പ്:- 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിയന്ത്രണാധികാരികൾക്കും.
2) സൂപ്രണ്ടിംഗ് എൻജിനീയർ, തസ്വഭവ, ഉത്തര/ദക്ഷിണ മേഖല.
3) സൂപ്രണ്ടിംഗ് എൻജിനീയർ/എക്സി. എൻജിനീയർ/
അസി. എക്സി. എൻജിനീയർ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി.
4) എക്സി. എൻജിനീയർ, തസ്വഭവ ഡിവിഷനുകൾ.
5) അസി. എക്സി. എൻജിനീയർ, തസ്വഭവ സബ് ഡിവിഷൻ.

SAN/15

## 2014 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള

## ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട്

വകുപ്പിന്റെ/സ്ഥാപനത്തിന്റെ പേര്:

| (1) മാസം | (2) കൈകാര്യം ചെയ്ത മൊത്തം ഫയലുകളുടെ എണ്ണം | (3) മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | (4) ഇംഗ്ലീഷിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | (5) ന്യൂനപക്ഷ ഭാഷകളിൽ (തമിഴ്, കന്നഡ) കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | (6) മലയാ… കൈക… ചെയ്… ഫയലു… ശതമാ… |
|---|---|---|---|---|---|
| 2014 ജനുവരി | | | | | |
| 2014 ഫെബ്രുവരി | | | | | |
| 2014 മാർച്ച് | | | | | |
| 2014 ഏപ്രിൽ | | | | | |
| 2014 മെയ് | | | | | |
| 2014 ജൂൺ | | | | | |
| 2014 ജൂലൈ | | | | | |
| 2014 ആഗസ്റ്റ് | | | | | |
| 2014 സെപ്റ്റംബർ | | | | | |
| 2014 ഒക്ടോബർ | | | | | |
| 2014 നവംബർ | | | | | |
| 2014 ഡിസംബർ | | | | | |